# നാം പ്രത്യാശിക്കുന്ന 'നാളെ'

(സുവിശേഷ പ്രസംഗ സംഗ്രഹം*)

---

* Y. M. C. A. Hall Kottayam 2nd January 1993

# നാം പ്രത്യാശിക്കുന്ന നാളെ

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മക്കല്ല നന്മക്കത്രെയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്."
(യെരമ്യവ് 29:11)

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവെണ്ണം'-ഇതിൽ മനുഷ്യജീവിതത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട് കാണുന്നു. ജീവിതത്തെക്കുറിച്ചുള്ള മനുഷ്യന്റെ വീക്ഷണം ദൈവം കണ്ക്കാക്കുകയും അത് വിജയകരമായി തീരുവാൻ ദൈവം ആഗ്രഹിക്കുകയും ചെയ്യുന്നു. ജീവിതത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണ് മനുഷ്യന് ഉള്ളത്. ഓരോരുത്തരും താന്താന്റെ നിലയിൽ ഐശ്വര്യപൂർണ്ണമായി കഴിയുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. ഏതുവിഭാഗത്തിൽ പെട്ടവരായാലും ജീവിതം നന്നായി വരുവാൻ ആഗ്രഹിക്കാത്തവരായി ആരും തന്നെയില്ല. വളരെയധികം പരിശ്രമങ്ങൾ അതിനുവേണ്ടി നടക്കുന്നുണ്ട്. എല്ലാവർക്കും ഒരാഗ്രഹം മാത്രമേയുള്ളു, തങ്ങൾക്ക് ലഭിച്ച ഈ ജീവിതം ഏററവും ശുഭകരമായി അവസാനിപ്പിക്കണം. അതിനുവേണ്ടിയാണീശ്രമങ്ങളെല്ലാം. മാനവരാശിയെ മുഴുവനും ക്ഷേമസുന്ദരമായ ഒരു ലോകത്തിലേക്ക് ആനയിക്കുവാൻ വളരെയധികം പരീക്ഷണങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ട്. വിവിധ ആശയങ്ങളിൽ, തത്വസംഹിതകളിൽ, ശാസ്ത്രത്തിൽ അങ്ങിനെയുള്ള പരീക്ഷണ

ങ്ങൾ നടന്നുകഴിഞ്ഞു. അതിൻെറ എല്ലാം ഒടുവിലാണ് നാം ഇപ്പോൾ ആയിരിക്കുന്ന ഈ ലോകം വന്നെത്തിയിരിക്കുന്നത്. ചുരുക്കത്തിൽ മുമ്പോട്ട് ഒരു ദിവസവും ജീവിക്കുവാൻ കഴിയാത്ത അവസ്ഥയിൽ മനുഷ്യജീവിതം ദുർഘടപൂർണ്ണമായിരിക്കുന്നു.

-ബുദ്ധിയും ആത്മികതയും തമ്മിലുള്ള-
അസംതുലിതാവസ്ഥ

ബുദ്ധിയും ആത്മികതയും തമ്മിലുള്ള സംതുലിതാവസ്ഥ ഇല്ലാതെ വന്നതാണ് മനുഷ്യജീവിതം ഇത്രമാത്രം ക്ളേശകരമാകുവാൻ കാരണം. ഞാനത് ഇങ്ങിനെ വിവരിക്കാം. നിങ്ങൾക്ക് നിങ്ങളുടെ അയൽക്കാരനെക്കാളും ബുദ്ധികൊണ്ട് വളരെ ഉയരുവാൻ സാധിക്കും. ആ വ്യക്തിയെക്കാൾ യാതൊരു സാമ്യവുമില്ലാത്തവണ്ണം ബുദ്ധികൊണ്ടുള്ള ഉയിർച്ച നിങ്ങൾക്ക് നേടുവാൻ കഴിയും. എന്നാൽ നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുവാനും, വിശ്വസിക്കുവാനും, കരുതുവാനും അതുകൊണ്ട് കഴിയണമെന്നില്ല. അതിനാണ് മനുഷ്യന് ആത്മിക മൂല്യങ്ങൾ ആവശ്യമായിരിക്കുന്നത്. തീർച്ചയായും ദൈവത്തിൻെറ സൃഷ്ടിയായ മനുഷ്യൻ ചില പ്രവണതകൾ നമ്മക്കുവേണ്ടി കാണിക്കുന്നുണ്ടെങ്കിലും അതിൽ നിലനില്ക്കുവാനുള്ള സഹിഷ്ണതയും, കഴിവും നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നത്. ഹൃദയത്തിൻെറ ഉള്ളിൽ നിന്നും അപരനെ സ്നേഹിക്കുവാനും കരുതുവാനും വിശ്വസിക്കുവാനും ഇടയാകണമെങ്കിൽ അതിന് ബുദ്ധി മാത്രം പോരാ. ആത്മികമായ മൂല്യങ്ങൾ ഹൃദയത്തിൽ നിന്നും ഉണ്ടാകേണ്ടത് ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങൾക്ക് സംഭവിച്ചിരിക്കുന്ന തോൽവിയും അത് തന്നെയാണ്. ആധുനികമായ ഒരു ജീവിതരീതി നയിക്കുവാനുള്ള എല്ലാ കാര്യങ്ങളും മനുഷ്യ ബുദ്ധികൊണ്ട് അവർക്ക് സാധിച്ചുവെങ്കിലും അതിലുപരി തങ്ങളുടെ അയൽ രാജ്യങ്ങളെ സ്നേഹിക്കുവാനും കരുതുവാനും കഴിയാത്തതിനാൽ അവക്കെതിരായുള്ള ശത്രുതാമനോഭാവം വളരുകയും അവരെ നിരന്തരം ഉപദ്രവിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുക

യും ചെയ്യുന്നു. അതിനാലാണ് ഇന്നത്തെ സമാധാനശ്രമങ്ങൾ ഒന്നും തന്നെ വിജയം വരിക്കയില്ലെന്ന് ബൈബിൾ ഉറപ്പായി പറയുന്നത്. കാപട്യവും, വഞ്ചനയും വ്യാജവും ഉള്ളിലൊതുക്കി പുറമെ കാണിക്കുന്ന ഈ സമാധാനശ്രമങ്ങൾ ലോകത്ത് ഒരിടത്തും ശാശ്വതമായ വിജയം വരിക്കയില്ലന്ന് ബൈബിൾ പറവാനുള്ള കാരണവും അതുതന്നെയാണ്. അവ വിജയം വരിക്കയില്ലന്ന് തന്നെയല്ല പെട്ടന്നുള്ള നാശത്തിലേക്ക് ലോകത്തെ എത്തിച്ചേർക്കും എന്നും ബൈബിൾ മുന്നറിയിപ്പ് നല്കുന്നു. അതിനാൽ ബുദ്ധിയും ആത്മികതയും ഒന്നിച്ച് ചേർന്നെങ്കിൽ മാത്രമെ മനുഷ്യന് അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുള്ളു. നമ്മുടെ കർത്താവായ യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു: ‹നിങ്ങൾ പാമ്പിനെപോലെ ബുദ്ധിയുള്ളവരും പ്രാവിനെപോലെ നിഷ്ക്കളങ്കരുമായിരിക്കേണം'. ബൈബിൾ അത് വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമാണ്. ബുദ്ധിയും ആത്മികതയും തമ്മിൽ ചേർന്നുപോയെങ്കിൽ മാത്രമെ നിങ്ങൾക്കും എനിക്കും, ലോകത്തിലുള്ള ഓരോരുത്തർക്കും അതുകൊണ്ട് എന്തെങ്കിലും പുരോഗതി ഉണ്ടാകുകയുള്ളു. അതിനാൽ ബുദ്ധിയിലും, യുക്തിയിലും മാത്രം ജീവിതം അടിസ്ഥാനപ്പെട്ടുപോകുന്നത്വളരെ അപകടകരമാണ്.

ആത്മികതയിലേക്ക് തിരിച്ചുവരിക എന്ന് പറയുമ്പോൾ അതുകൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യൻ ദൈവത്തിങ്കലേക്ക് മടങ്ങി വരണം എന്നുള്ളതാണ്. എന്നാൽ പാപം നിമിത്തം ദൈവത്തെക്കുറിച്ച് അല്പസമയം ചിന്തിക്കുന്നതിനൊ ധ്യാനിക്കുന്നതിനൊ ഉള്ള കഴിവ് മനുഷ്യന് വളരെയധികം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ദൈവത്തെക്കുറിച്ച് ചിന്തിക്കുക, ഹൃദയത്തിൽ ദൈവികമായ ബോധം കൊണ്ടുവരിക മാത്രമാണ് മനുഷ്യൻെറ രക്ഷക്കായുള്ള ഏക പോംവഴി.

-മനഃസാക്ഷിയുടെ സാക്ഷ്യം-

ദൈവിക ബോധം എന്നു പറയുമ്പോൾ മനുഷ്യൻെറ ഉള്ളിൽ മനഃസാക്ഷി തന്നെ സാക്ഷ്യം പറയുന്ന വസ്തുതയാണ്. ഏറെ വർഷങ്ങൾക്ക് മുൻപ് അമേരിക്കയിലെ നേഷണൽ

ജോഗ്രഫിക്കൽ സൊസൈററി അവരുടെ പ്രതിനിധികളെ ലോകമെങ്ങും അയച്ചു. ഭൂമിശാസ്ത്രപരമായി വിഭജിക്കപ്പെട്ടിരിക്കുന്ന മനുഷ്യ സമൂഹത്തെക്കുറിച്ച് പഠിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ചില വർഷങ്ങൾക്ക് ശേഷം അവർ മടങ്ങിവന്ന് അതിന്റെ ഒരു പൊതു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിന്നു. അതിൽ കണ്ടതിപ്രകാരമാണ്: വടക്കും, തെക്കും, കിഴക്കും, പടിഞ്ഞാറും ഉള്ള ഏതുരാജ്യങ്ങളിലും പൊതുവായി കണ്ട ഒരു വസ്തുത അവർക്കെല്ലാം ദൈവത്തെക്കുറിച്ച് ഒരു മനോബോധം ഉണ്ട് എന്നുള്ളതാണ്. അതില്ലാത്തവരായിട്ട് ആരും തന്നെയില്ല. മനുഷ്യന്റെ മനഃസാക്ഷി അതിനേററവും വലിയ തെളിവാണ്.

മദ്ധ്യതിരുവിതാംകൂറിലെ ഒരു പിതാവിനെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം 90 വയസ്സുവരെ ജീവിച്ചിരുന്നു. വാർദ്ധക്യത്തിന്റെ നാളുകൾ ആയപ്പോൾ അദ്ദേഹത്തിന് മറവി അധികമായി ഉണ്ടായി. ഒടുവിൽ പരിചരിച്ചു വന്ന മകനെയും മറന്നു. എന്നാൽ മറവി അധികം ഉണ്ടായിട്ടു കൂടി മരിക്കുന്നതിന് തൊട്ടുമുമ്പ് 'ദൈവമെ നിനക്ക് സ്തോത്രം' എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഈ ലോകം വിട്ട് കടന്നുപോയത്. മനുഷ്യന്റെ മനഃസാക്ഷി നല്കുന്ന ഏററവും വലിയ തെളിവാണ്. അവന്റെ സൃഷ്ടാവിനെക്കുറിച്ച് ഒരു നീതിബോധം അവന്റെ ഉള്ളിൽ ഉണ്ട് എന്ന വസ്തുത. ഒരു പക്ഷേ ചിലർ പറഞ്ഞേക്കും അത് ആ വ്യക്തിയുടെ ബാല്യം മുതൽ മനസ്സിൽ പതിഞ്ഞുകിടന്നതിൽ നിന്നുകും ആ ചിന്ത വന്നതെന്ന്. എന്നാൽ ആ ധാരണയും ശരിയായതല്ല.

നിങ്ങൾ ഹെലൻ കെല്ലറെ കുറിച്ച് കേട്ടിട്ടുണ്ടായിരിക്കും. ജന്മനാതന്നെ അന്ധയും, ബധിരയും, മൂകയും ആയിരുന്നു ഹെലൻ കെല്ലർ. അതിനുശേഷം സ്വന്തമായ പരിശ്രമങ്ങളാൽ ഉയർന്ന് ലോകത്തിലെ ശ്രേഷ്ട മഹതികളിൽ ഒരാളായിട്ടാണ് ഹെലൻ കെല്ലർ അറിഞ്ഞു വരുന്നത്. ആദ്യമായി അവരുമായി ആശയവിനിമയം നടത്തുവാൻ ശ്രമിച്ചപ്പോൾ ദൈവത്തെക്കുറിച്ച് ആരാഞ്ഞു. അതിന് ലഭിച്ച പ്രതികരണം: 'ദൈവമു

ണ്ടെന്നറിയാം എന്നാൽ പേരെനിക്കറിഞ്ഞുകൂടാ എന്നായിരുന്നു. യാതൊരു ബാഹ്യ ചിന്തകളും ഉള്ളിൽ ഇല്ലാതെ ശൂന്യമായി കിടന്ന ആ മനസ്സിലും ദൈവത്തെക്കുറിച്ച് ഒരു ബോധം ഉണ്ടായിരുന്നതായാണ് അതിൽ നിന്നും മനസ്സിലാകുന്നത്. ഏതൊരു വ്യക്തിയിലും, നിരീശ്വരവാദിയിൽപോലും ദൈവത്തെക്കുറിച്ച് ഒരു ചിന്ത എപ്പോഴും ഉണ്ടായിരിക്കും.

സൗത്ത് അമേരിക്കയിലെ ഒരു നദിയിൽ ഒരു ചെറുവഞ്ചി തുഴഞ്ഞുകൊണ്ടിരുന്ന ഒരു മനുഷ്യൻ ഒഴുക്കിൽപെട്ട് നിയന്ത്രണത്തിനപ്പുറമായി. അത് ഒരു വെള്ളച്ചാട്ടത്തിനടുത്തേക്ക് നീങ്ങികൊണ്ടിരുന്നു. അപകടം ഉറപ്പായപ്പോൾ അദ്ദേഹം സഹായത്തിനുവേണ്ടി നിലവിളിച്ചെങ്കിലും ആരെയും കണ്ടില്ല. 'എന്റെ ദൈവമേ, എന്നെ രക്ഷിക്കണേ' എന്നായി പിന്നീടുള്ള നിലവിളി. യാദൃശ്ചികമായി അതുവഴികടന്നുവന്ന ഒരു മിഷണറി ശബ്ദം കേട്ട് അവിടേക്ക് ചെന്നു. അത്ഭുതകരമായി ആ വ്യക്തിയെ രക്ഷപ്പെടുത്തി. ചില ദിവസങ്ങൾക്കുശേഷം ഒരു സ്ഥലത്ത് ഒരു യോഗം നടക്കുന്നതുകണ്ട് ആ മിഷണറി അവിടേക്ക് ചെന്നു. അവിടെ ഒരു വ്യക്തി ദൈവമില്ല എന്നതിനെക്കുറിച്ച് ന്യായവാദങ്ങളുയർത്തി പ്രസംഗിക്കുകയായിരുന്നു. തന്റെ പ്രസംഗം അവസാനിപ്പിച്ചശേഷം അതിനെതിരായി എന്തെങ്കിലും പറയുവാനുള്ളവരെ അദ്ദേഹം വെല്ലുവിളിച്ചു. ഏറെ നിശബ്ദതയ്ക്കുശേഷം താൻ രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ എന്ന് മിഷണറി ആ യോഗത്തിന്റെ സംഘാടകരോട് അനുവാദം ചോദിച്ചു. അനുമതി കിട്ടിയപ്പോൾ അദ്ദേഹം എഴുന്നേററ് ഇപ്രകാരം പറഞ്ഞു. 'ഈ മാന്യ വ്യക്തി പറഞ്ഞ വസ്തുതകളെ ഖണ്ഡിപ്പാനുള്ള ഒരു ന്യായവും എനിക്കറിഞ്ഞുകൂടാ. എന്നാൽ ഞാൻ ഒരു സംഭവകഥ നിങ്ങളോട് പറയാം. ചിലദിവസങ്ങൾക്ക് മുമ്പ് ഞാൻ ഈ നദിക്കരികെ യാത്ര ചെയ്തപ്പോൾ 'എന്റെ ദൈവമെ എന്നെ രക്ഷിക്കണേ' എന്ന് ഒരു നിലവിളി ഞാൻ കേൾക്കുകയും അപകടകരമായ നിലയിൽ നിന്നും ആ വ്യക്തിയെ രക്ഷപ്പെടുത്തുവാൻ എനിക്കിടയാകയും ചെയ്തു. ആ വ്യക്തി മററാരുമല്ല. നിങ്ങളോട് ഇതുവരെയും നിരീശ്വര ചിന്ത പ്രസംഗിച്ച ഈ മാന്യൻതന്നെ.'' അതോടെ അദ്ദേഹത്തിന്റെ

സകല വാദമുഖങ്ങളും അവിടെ അവസാനിച്ചു. മനുഷ്യന്റെ മനഃസാക്ഷിയിൽ നിന്ന് ദൈവിക ചിന്തയെ വേർതിരിപ്പാൻ കഴിയുന്നതല്ല. പലപ്പോഴും പാപം നിമിത്തം ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നതിനുള്ള കഴിവ് മനുഷ്യന് നഷ്ടമായി എന്നുവരാം. എന്നാൽ ഒരു ദൈവം ഉണ്ട് എന്നും ആ ദൈവം നമ്മെ ന്യായം വിധിക്കും എന്ന ചിന്ത നമ്മെ ആവർത്തിച്ച് ഭരിക്കേണ്ടത് ആവശ്യമാണ്.

-മരണത്തോടുള്ള സമീപനം-

ആ ഭാഗത്തിന്റെ ഒടുവിലായി എനിക്ക് ഓർപ്പിക്കുവാനുള്ളത് യഥാർത്ഥമായ ഒരു ശുഭഭാവി, ഒരു ശുഭ ജീവിതം നാം ആഗ്രഹിക്കുന്നുവെങ്കിൽ അത് അവസാനിപ്പിക്കുന്നതിന് തൊട്ടുമുൻപുള്ള നമ്മുടെ നിലപാട് എങ്ങിനെ ആയിരിക്കും എന്നതാണ്. പെട്ടെന്ന് ഈ ലോകം വിട്ട് കടന്നുപോകേണ്ടി വരുന്ന ഒരു അവസ്ഥയെക്കുറിച്ചല്ല, മനുഷ്യന് തന്റെ മരണത്തിന് അല്പസമയം മാത്രമെ ശേഷിച്ചിട്ടുള്ളൂ എന്നറിയുകയും നിത്യമായ ഒരു യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു നിലയാകുമ്പോൾ മരണത്തെ എങ്ങനെ അഭിമുഖീകരിക്കും എന്നതിൽ നിന്ന് ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ വിജയിച്ചുവൊ, ഇല്ലയൊ എന്ന് അറിയാവുന്നതാണ്.

ഈ വിഷയത്തിൽ നിരീശ്വരവാദികളുടെ നില ദയനീയമായിരിക്കും. വാസ്തവത്തിൽ ബൈബിൾ അനുസരിച്ച് നിരീശ്വരവാദികളായി ആരും തന്നെയില്ല. ·സ്വർഗ്ഗത്തിൽ ഒരു നിരീശ്വരവാദിയും കാണുകയില്ല. അവിടെ വിശ്വാസികൾ ദൈവത്തിന്റെ മഹത്വം കണ്ടുകൊണ്ടിരിക്കും. നരകത്തിലും നിരീശ്വരവാദികൾ കാണുകയില്ല. അവിടെ അവിശ്വാസികൾ ദൈവത്തിന്റെ ന്യായവിധി അനുഭവിച്ചുകൊണ്ടിരിക്കും. ബൈബിൾ പറയുന്നത് പിശാച്പോലും ദൈവം ഉണ്ട് എന്നറിയുകയും ആ അറിവിൻമീതെ വിറക്കുകയും ചെയ്യുന്നു എന്നാണ്. അതിനാൽ ഈ പാപത്തിൽ നിരീശ്വരവാദികൾ സാത്താനെ പോലും തോല്പിച്ചിരിക്കുന്നു, സാത്താനെ പോലും മറികടന്നിരിക്കുന്നു.' ഒരിക്കലും ദൈവത്തെ

മാററി നിർത്തികൊണ്ടുള്ള ഒരു ജീവിതം ശുഭകരമായി അവസാനിപ്പിക്കുവാൻ നമ്മെ സഹായിക്കില്ല.

തീർച്ചയായും ദൈവത്തിൻെറ പേരിൽ അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ ഇവ വളരെയധികം മനുഷ്യൻ കാണിക്കുന്നുണ്ട്. അതിനെ ഒന്നും ന്യായീകരിക്കയല്ല. എന്നാൽ ഒരു സത്യാന്വേഷി നോക്കേണ്ടത് മനുഷ്യൻ എന്ത് കാണിക്കുന്നു എന്നല്ല. ദൈവം എന്ത് പറഞ്ഞിരിക്കുന്നു എന്നാണ്. അവൻ ദൈവസന്നിധിയിൽ വന്ന് മുട്ടിയാൽ സത്യത്തിൻെറ വാതിൽ അവനുവേണ്ടിയും തുറക്കപ്പെടും. അതിനാൽ ജീവിതത്തിൻെറ ഒടുവിലായി മരണം വന്നെത്തുമ്പോൾ അതിനെ നേരിടുവാനുള്ള പ്രാഗത്ഭ്യം നിങ്ങൾക്കുണ്ടാകുമൊ?

ദൈവമില്ല എന്ന് ചിന്തിക്കുകയും, ആ വിഷയം പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ഒരു പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും ഞാൻ വായിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ അവർ ഒന്നിച്ച് ആ വിഷയത്തിൽ മുന്നോട്ട് നീങ്ങി. തങ്ങൾക്ക് കഴിയാവുന്നിടത്തോളം അവർ അത് പ്രചരിപ്പിച്ചു. കുറെനാൾ കഴിഞ്ഞ് ആ പിതാവിന് രോഗം ബാധിച്ച് അദ്ദേഹം മരണക്കിടക്കയിലായി. മരണത്തോടടുത്ത സമയം അദ്ദേഹത്തിൻെറ മുഖത്ത് നിരാശയും, പരിഭ്രമവും കാണപ്പെട്ടു. അരികെ നില്ക്കുന്ന മകന് ഒരു ആശങ്ക: ഈ ഒടുവിലത്തെ സമയം തൻെറ പിതാവ് 'ദൈവമെ' എന്നെങ്ങാനും വിളിച്ചുപോയെങ്കിൽ! അതിനാൽ തൻെറ പിതാവിനെ ധൈര്യപ്പെടുത്തുവാൻ വേണ്ടി അവൻ വിളിച്ചുപറഞ്ഞു. "മുറുകെ പിടിച്ചു കൊൾക! മുറുകെ പിടിച്ചുകൊൾക!'' അതായത് ദൈവം ഇല്ല എന്നുള്ള തങ്ങളുടെ വിശ്വാസത്തിൽ-ആ ഇല്ലായ്മയിൽ- മുറുകെ പിടിച്ചു കൊൾക, ഇതാണ് മകൻെറ ആശ്വാസ വചനം. നിറഞ്ഞ കണ്ണുകളോടെ ആ മനുഷ്യൻ പറഞ്ഞ മറുപടി: 'മുറുകെ പിടിക്കുവാൻ പോയിട്ട് ഒന്ന് തൊടുവാൻ പോലും ഞാൻ യാതൊന്നും കാണുന്നില്ല' എന്നായിരുന്നു. തികഞ്ഞ നിരാശയിലും കനത്ത അന്ധകാരത്തിലും ആ ജീവിതം അവിടെ അസ്തമിച്ചു.

എന്നാൽ ഒരു വിശ്വാസിക്ക് 'ഞാൻ ആരെ വിശ്വസി

ച്ചിരിക്കുന്നു എന്ന് അറിയുന്നു' എന്ന് പറയുവാൻ കഴിയും: പൗലോസ് ശ്ലീഹായ്ക്ക് അങ്ങനെ പറവാൻ കഴിഞ്ഞു. തന്റെ യൗവ്വനകാലത്ത് ദൈവസഭയെ ഉപദ്രവിച്ച് മുമ്പോട്ടുനീങ്ങിയെങ്കിലും, യേശുക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ട്, ക്രിസ്തു ശിഷ്യനായി ദൈവ സേവയിൽ മുമ്പോട്ടുനീങ്ങിയ ആ ജീവിതം അവസാനിക്കാറായപ്പോൾ ആ ക്രിസ്തു ഭക്തന് ധൈര്യത്തോടെ പറയുവാൻ കഴിഞ്ഞു 'ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി അവസാനത്തോളം കാത്തുകൊള്ളും.' ഇന്ന് നിങ്ങൾക്കങ്ങനെ പറയുവാൻ കഴിയുമൊ? ഇന്ന് നിങ്ങളുടെ ജീവിതം അവസാനിക്കുമെങ്കിൽ 'ഞാൻ ആരെ വിശ്വസിക്കുന്നു' എന്ന് പറയുവാൻ നിങ്ങൾക്കാകുമൊ?

ഹെൻറി ഹാവലൊക്ക് എന്ന ദേഹം ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലത്ത് ഒരു സെർജന്റ് ആയിരുന്നു. 1857-ൽ ലക്നൗവിൽ ഒരു കലാപത്തിനിടയിൽപെട്ട് അദ്ദേഹത്തിന് മരണകരമായി മുറിവേററു. അദ്ദേഹം ഒരു വിശ്വാസിയായിരുന്നു. ഈ ലോകം വിട്ട് കടന്നുപോകും എന്ന സ്ഥിതിയായപ്പോൾ അദ്ദേഹം തന്റെ മകനെ അടുക്കലേക്ക് വിളിച്ച് പറഞ്ഞത്: "മകനെ, ഒരു വിശ്വാസിക്ക് എത്ര സമാധാനമുള്ളവനായി ഈ ലോകം വിട്ട് കടന്നുപോകുവാൻ കഴിയും എന്നറിയുന്നതിനായി നീ എന്റെ അടുക്കലേക്ക് നീങ്ങി നില്ക്കുക." അതിനുശേഷം താൻ നിത്യതയിലേക്ക് പ്രവേശിച്ചു. ലോകത്തിന് അറിയാൻ കഴിയാത്ത, ലോകത്തിന് തരുവാൻ കഴിയാത്ത സമാധാനം തന്റെ ഭക്തന്മാർക്ക് നല്കുവാൻ ദൈവം എക്കാലത്തും പ്രാപ്തനാണ്.

അതിനാൽ ദൈവത്തെ കൂടാതെയുള്ള നമ്മുടെ ജീവിതം നിരാശയിലാണ്ടതായിരിക്കും. ദൈവത്തെ കൂടാതെ ഒരു നിമിഷം പോലും മുമ്പോട്ട് നീങ്ങുവാൻ കഴിയാത്ത ഒരു ചുററുപാടിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ഒരു ദിവസത്തെ വർത്തമാനപത്രം കൈയിലെടുത്തുകൊണ്ട്, 'ഇന്നത്തെ വാർത്തകളിൽ ഞാൻ പൂർണ്ണ സംതൃപ്തനായിരിക്കുന്നു, സന്തോഷമുള്ളവനായിരിക്കുന്നു, എന്ന് പറയുവാൻ ധൈര്യമുള്ള ഒരാളെ

പോലും ഞാനിതുവരെ കണ്ടിട്ടില്ല. ഓരോ ദിവസവും കഴിയും തോറും മനുഷ്യൻ എത്രമാത്രം ദോഷമുള്ളവനായിട്ടാണ് മാറുന്നതെന്ന് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ആർക്കും നിയന്ത്രിക്കുവാനാവാത്ത ഒരു കാലത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. മനുഷ്യന്റെ എല്ലാ നിയന്ത്രണങ്ങളും, സാന്മാർഗ്ഗിക മൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ബുദ്ധികൊണ്ട് അവൻ ഉയരുന്നു. എന്നാൽ സാന്മാർഗ്ഗികതയിൽ അവൻ ഏററവും അധികം അധഃപതിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ ഇനിയുള്ള കാലങ്ങളിൽ ഒരു പക്ഷേ മാനസാന്തരത്തിനുപോലും ഇട കണ്ടെത്തുവാൻ വൈഷമ്യമായ ഘട്ടത്തിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു.

ബൈബിളിൽ വെളിപ്പാടു പുസ്തകത്തിൽ ഏതാണ്ടിപ്രകാരം ഒരു പ്രയോഗമുണ്ട്. 'ആ നാളുകളിലെ ബാധകളുടെ ആധിക്യം നിമിത്തം മനുഷ്യൻ ദൈവത്തെ ദുഷിച്ചതല്ലാതെ മാനസാന്തരത്തിനിട കണ്ടെത്തിയില്ല.' ഇപ്പോൾ രക്ഷാദിവസം ആയതിനാൽ ദൈവകൃപയിലേക്ക് നിങ്ങൾക്ക് പ്രവേശിക്കാവുന്ന നല്ല സന്ദർഭം ആണ്. അല്ലെങ്കിൽ ലോകത്തിന്റെ ഗതി മാറും, വളരെയധികം പ്രശ്നങ്ങളിലും കഷ്ടതകളിലും കൂടെ നിങ്ങൾക്ക് കടന്നു പോകേണ്ടിവരും. ഒരു ഏക ഭരണത്തിൻ കീഴിൽ ലോകം ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത ഭയങ്കരതകളിൽ കൂടെ നിങ്ങൾക്ക് കടക്കേണ്ടിവരും. ആ സമയംവരെ നിങ്ങൾ താമസിച്ചാൽ കഷ്ടതകളുടെ ആധിക്യം നിമിത്തം മാനസാന്തരത്തിനിടകണ്ടെത്താതെ ദൈവത്തോട് മറുതലിക്കുന്ന ഹൃദയകാഠിന്യമുള്ളൊരു അവസ്ഥ മാത്രമെ ഉണ്ടാകുകയുള്ളു എന്ന് ബൈബിൾ ഓർപ്പിക്കുന്നു. അതിനാൽ ഇപ്പോൾ തന്നെ ദൈവമുമ്പാകെ ഹൃദയം വിനയപ്പെടുത്തുവാൻ നിങ്ങൾക്കിടയാകട്ടെ.

എന്തുകൊണ്ടാണ് മനുഷ്യന് ഇതുകഴിയാതെ വരുന്നു എന്ന് ചോദിച്ചാൽ അവന്റെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന നിഗളം കൊണ്ടുമാത്രമാണ്. ഒരു നിമിഷം ദൈവമുമ്പാകെ ഹൃദയം വിനയപ്പെടുത്തുവാൻ ഒരുങ്ങുന്ന ആർക്കും ദൈവഭാഗത്തേക്ക് വരുവാൻ ദൈവം ഇടനല്കും. അതുകൊണ്ട് നാം

നയിക്കുന്ന ജീവിതം ദൈവത്തോടു കൂടെയാകട്ടെ. ദൈവചിന്ത എന്ന് പറയുന്നത് നന്മ മാത്രമാണ്. കുറച്ച് മുമ്പേ നാം ഒരു സാക്ഷ്യം കേട്ടു! ‹ദൈവത്തിൽ നിന്നും നന്മയല്ലാതെ മറ്റൊന്നും വരികയില്ല' എന്ന്. എത്ര അനുഗ്രഹിക്കപ്പെട്ട ഒരു ചിന്തയാണത്. വിശുദ്ധ അഗസ്തിനോസ് വളരെ മുമ്പ് തന്നെ പറഞ്ഞു–ചില പ്രയാസങ്ങൾ, പ്രതിസന്ധികൾ, വൈഷമ്യങ്ങൾ തന്നെ അലട്ടിയപ്പോൾ അദ്ദേഹത്തിനുള്ളിൽ കടന്നുവന്ന ഒരു പ്രത്യേക ചിന്ത-‹നന്മയുടെ പൂർത്തിഭാവമായ ദൈവത്തിൽ നിന്നും നന്മയല്ലാതെ ഒരിക്കലും തിന്മ പുറപ്പെടുകയില്ല; നിങ്ങൾക്ക് ഈ വിധത്തിലുള്ള ഒരുറപ്പു പറയുവാൻ കഴിയുമോ? ഇങ്ങനെയുള്ള ഒരു സമാധാനം പ്രാപിപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ദൈവം തരുന്നതെല്ലാം നന്മക്കായിട്ടെണ്ണുവാൻ നിങ്ങൾക്കാകുമൊ?

അതിനാൽ നാം പ്രത്യാശിക്കുന്ന ജീവിതം ദൈവത്തിൽ അടിസ്ഥാനപ്പെട്ട് തന്നെയാകട്ടെ.

രണ്ടാമതായി ഈ ഭാഗത്ത് കാണുന്നത് ‹‹ഞാൻ നിങ്ങളെ കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ''-ഒററവാക്കിൽ പറഞ്ഞാൽ

-ദൈവത്തിന് മനുഷ്യനോടുള്ള ആഗ്രഹങ്ങൾ-

ഈ പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിച്ച ദൈവത്തിന് എന്നെയും നിങ്ങളെയും കുറിച്ച് ഒരാഗ്രഹമുണ്ടെന്നുള്ളത്, എത്രയൊ അനുഗ്രഹിക്കപ്പെട്ട ഒരു ചിന്തയാണ്. പലപ്പോഴും മനുഷ്യനെ ഉപദ്രവിക്കുന്ന, ശിക്ഷിക്കുന്ന ഒരു ദൈവമായി തെററിദ്ധരിക്കപ്പെടാറുണ്ട്. എന്നാൽ സ്നേഹസമ്പന്നായദൈവത്തിൻെറ സ്വഭാവമാണ് ബൈബിൾ വ്യക്തമാക്കുന്നത്. ആ ദൈവത്തിന് എന്നെയും നിങ്ങളെയും കുറിച്ച് ചില നിരൂപണങ്ങൾ-ആഗ്രഹങ്ങൾ ഉണ്ടെന്നുള്ളത് അനുഗ്രഹകരമായ ഒരു ചിന്ത തന്നെയാണ്. നിങ്ങളുടെ പ്രായം എന്തുതന്നെ ആയികൊള്ളട്ടെ–ചെറുപ്പമായിരിക്കാം, വളരെ പ്രായമായിരിക്കാം– എന്നാൽ ഒരു കാര്യം വ്യക്തമാണ് ദൈവത്തിന് നിങ്ങളെക്കുറിച്ച് ഒരാഗ്രഹമുണ്ട്. അത് ഇതുവരെയും നിങ്ങൾ മനസ്സി

ലാമിയിട്ടില്ലെങ്കിൽ ഇന്ന് അതിനായുള്ള ഒരു സമയം കൂടി യാണ്.

എന്നാൽ ഈ വിഷയത്തിലും മനുഷ്യൻ വളരെ തെററിദ്ധരിക്കപ്പെട്ട് പോയിട്ടുണ്ട്. ക്ഷാമവും, ഭൂകമ്പവും, എല്ലാം ഉണ്ടായിട്ടും; ഇതെല്ലാം കണ്ടിട്ടും കണ്ണടച്ചിരിക്കുന്ന ഒരു ദൈവത്തിൽ ഞങ്ങൾക്ക് വിശ്വാസമില്ല എന്നു പറയുന്ന നിരവധി കത്തുകൾ കണ്ടിട്ടുണ്ട്.

എന്നാൽ ആ ധാരണയും ശരിയായിട്ടുള്ളതല്ല. ലോക കോടതികളിൽ കുററകൃത്യങ്ങളിന്മേൽവിധി പ്രഖ്യാപിക്കുമ്പോൾ, ചിലരെ വെറുതെ വിടുവാനും, ചിലരെ തടവിലാക്കുവാനും, ചിലരെ തൂക്കികൊല്ലുവാനും വിധി കല്പ്പിക്കാറുണ്ട്. ആരും അതിനെ ചോദ്യം ചെയ്യാറില്ല. എന്നാൽ സാന്മാർഗ്ഗിക നിലവാരങ്ങളെയും, ലൗകിക നിയമങ്ങളെയും മറികടന്ന് മനുഷ്യൻ അക്രമത്തിലേക്കും അനീതിയിലേക്കും നീങ്ങുമ്പോൾ ദൈവം ന്യായവിധി കല്പിക്കും അതിനെ ചോദ്യം ചെയ്യുവാൻ മനുഷ്യൻെറ നിഗളം ഒരുമ്പെടുന്നു.

നമുക്ക് വളരെ സുപരിചിതനും ബഹുമാന്യനുമായ റിട്ട:ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഒരിക്കൽ ഇങ്ങിനെ പറഞ്ഞു: "പ്രപഞ്ചത്തിൻെറ സൃഷ്ടാവായ ദൈവം പ്രകൃതി നിയമങ്ങളെ കൊണ്ട് ലോകത്തെ നിയന്ത്രിക്കുന്നു. ദൈവം മനുഷ്യനെ വെറുതെ കൊല്ലുകയില്ല, ചുട്ടുചാമ്പലാക്കില്ല. ഇതിൻെറ പിന്നിലൊരു സത്യമുണ്ടായിരിക്കണം ആ പ്രപഞ്ച സത്യത്തെ ഇന്നും ഞാൻ അന്വേഷിച്ചു നടക്കുകയാണ്."

ഒരു ന്യായാധിപതിയുടെ ഹൃദയത്തിന് വളരെ വ്യക്തമായി അറിയാം, നീതിയുള്ള ന്യായാധിപനായ മഹാദൈവം ഒരു കാരണവുമില്ലാതെ മനുഷ്യനെ കൊല്ലുകയില്ലെന്നും ചാമ്പലാക്കുകയില്ലെന്നും.

ഇന്നത്തെ ലോകത്തിൻെറ സ്ഥിതി ഞാൻ വിവരിക്കാതെ തന്നെ ഏവർക്കുമറിയാം. ലോകത്തിൽ അക്രമവും അനീതി ഇവ വർദ്ധിക്കുകയും, മാനുഷിക നിയമത്തെയും ദൈവിക

നിയമങ്ങളെയും മറികടന്ന് ആർക്കും നിയന്ത്രിക്കുവാനാവാത്ത ഒരു ഘട്ടത്തിലേക്ക് മനുഷ്യൻ എത്തുമ്പോൾ ദൈവത്തിന്റെ ന്യായവിധി മനുഷ്യനെ തേടിയെത്തും. സാർവ്വത്രികമായി ദൈവം ന്യായംവിധിക്കും അതാണ് നോഹയുടെ കാലത്തുണ്ടായത്. പ്രാദേശികമായി ദൈവം ന്യായം വിധിക്കും. അതാണ് ലോത്തിന്റെ കാലത്തുണ്ടായത്. വ്യക്തിപരമായി ദൈവം ന്യായംവിധിക്കും. അതിന്നും ഉദാഹരണങ്ങൾ ഏറെയുണ്ട്. ദൈവം നീതിമാനായ ന്യായാധിപൻ കൂടെ ആകയാൽ ആ നീതിയാൽ മനുഷ്യനെ ന്യായംവിധിക്കും. അതിനെ ചോദ്യം ചെയ്യുവാൻ ആർക്കും ഒരു നാളും അധികാരമില്ല.

അതുകൊണ്ട് ലോകത്തിൽ ഭൂകമ്പവും, ക്ഷാമവും, അസമാധാനവും, വർദ്ധിക്കുമ്പോൾ അത് നമുക്ക് നല്കുന്ന പാഠം, മനുഷ്യൻ ദൈവത്തോട് ശത്രുത ആയിരിക്കുന്നു എന്നാണ്. ദൈവത്തോടുള്ള മനുഷ്യന്റെ ശത്രുതയാണ് ഇതിൽനിന്നൊക്കെയും വെളിപ്പെട്ടുവരുന്നത്.

നിങ്ങൾ ആരുടെ പക്ഷത്താണ്? ദൈവത്തിന്റെ പക്ഷത്താണൊ? അതൊ ശത്രു പക്ഷത്താണൊ?

രണ്ട് മുന്നണികൾ തമ്മിൽ യുദ്ധം ഉണ്ടാകുമ്പോൾ വെടി വയ്പ്പിൽ ഏർപ്പെട്ടിരിക്കുന്നവരെ മാത്രമല്ല ശത്രു പക്ഷത്തുള്ളവരായി കണക്കാക്കുന്നത്, റിസർവ്വ് ക്യാമ്പിലുള്ളവരും അവർ ശത്രു സൈന്യത്തിലുള്ളവരാണെങ്കിൽ അവരും ശത്രുപക്ഷം തന്നെയാണ്. ഒരുപക്ഷെ എന്നെ കേൾക്കുന്നവരിൽ പലരും അക്രമത്തിനൊന്നും പോകാത്തവർ തന്നെ ആയിരിക്കും, എന്നാൽ ഒന്ന് വളരെ വ്യക്തമാണ്. നിങ്ങൾ യഥാർത്ഥമായി ദൈവഭാഗത്തേക്ക് കടന്ന് വന്നില്ല എങ്കിൽ അതായത് ദൈവം വെച്ചിരിക്കുന്ന രക്ഷാമാർഗ്ഗത്തിലൂടെ ദൈവ ഭാഗത്തായില്ലെങ്കിൽ നിങ്ങളെ ഇപ്പോഴും ശത്രു പാളയത്തിലുള്ള ഒരുവനായാണ് കണക്കാക്കപ്പെടുന്നത്. ആ പോക്ക് അപകടകരമാണെന്ന് ഓർക്കുക. ഇന്ന് നിങ്ങളെ തന്നെ ഒന്ന് പരിശോധിക്കുക. നിങ്ങളുടെ അവസ്ഥ എന്തായിരിക്കുന്നു? ദൈവത്തോട് എനിക്ക് സമാധാനമുണ്ടെന്ന് പറയുവാൻ നിങ്ങൾക്ക് കഴിയുമൊ?

അതുകൊണ്ട് നിങ്ങൾക്ക് ആവശ്യം ദൈവത്തോടുള്ള സമാധാനമാണ്. ഇന്ന് നിങ്ങൾക്ക് തരുവാനുള്ള ദൂതും അതുതന്നെയാണ്. ദൈവവുമായി മനുഷ്യന് സമാധാനമുണ്ടായിരിക്കണം. ദൈവവുമായി നിങ്ങളുടെ ഹൃദയം സമാധാനത്താൽ നിറപ്പ് പ്രാപിച്ചിരിക്കണം. അതല്ലായെങ്കിൽ അക്രമങ്ങൾക്കും അനീതിക്കും ഒരുപക്ഷെ നിങ്ങൾ കൂട്ടുനില്ക്കുന്നവരല്ലെന്ന് വരികിലും, പാപം നിമിത്തം ദൈവത്തിൻെറ ന്യായവിധി അനുഭവിക്കേണ്ടതായി വരും. അതിനാൽ ദൈവത്തോടുള്ള സമാധാനം ഏററവും വലിയ ഒരു ആവശ്യമാണ്.

നിങ്ങളുടെ സമാധാനത്തിനായി ദൈവം തന്നെ വെച്ചിരിക്കുന്ന ഒരു വ്യവസ്ഥയുണ്ട്. യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് സമാധാനം ഉണ്ടാക്കി എന്ന് ബൈബിൾ പറയുന്നു.

ബൈബിളിൽ യോഹന്നാൻെറ സുവിശേഷത്തിൽ ആ ഭാഗം വളരെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ക്രൂശീകരണം കഴിഞ്ഞ് ഉയിർത്തെഴുന്നേററ ക്രിസ്തു ശിഷ്യന്മാരുടെ മദ്ധ്യേ വന്നു. ശിഷ്യന്മാർ യഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശു അവരുടെ നടുവിൽ വന്ന് 'നിങ്ങൾക്ക് സമാധാനം' എന്ന് പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൻെറ കൈയും വിലാപ്പുറവും അവരെ കാണിച്ചു. ചില മണിക്കൂറുകൾക്ക് മുമ്പ് യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ അവിടെ സംഭവിച്ചത് മനുഷ്യനും ദൈവവുമായുള്ള നിരന്തരമായ പോരാട്ടം അവസാനിപ്പിക്കുന്നതിനായി, മനുഷ്യൻെറ പാപത്തിനായുള്ള സകല ശിക്ഷകളും ക്രൂശിൽ അനുഭവിക്കുകയായിരിന്നു. ക്രൂശിൽ നിന്നും ഒരോ തുള്ളി ചോരയും നിലത്ത് വീണപ്പോൾ–എൻെറ പാപത്തിനുവേണ്ടി, നിങ്ങളുടെ പാപത്തിനുവേണ്ടി ലോകത്തിലുള്ള ഒരോരുത്തരുടെയും പാപത്തിനുള്ള ശിക്ഷ താൻ അനുഭവിക്കുകയായിരുന്നു. നസറായനും അവൻെറ മതവും ഇതോടു കൂടി അവസാനിച്ചു എന്ന് ലോകം കരുതി. യേശുക്രിസ്തുവും അവൻെറ രാജ്യവും, ഈ സുവിശേഷവും എല്ലാം ഈ ക്രൂശിൽ സമാപിച്ചെന്ന് റോമാ ഗവൺമെൻറ് കരുതി.

എന്നാൽ അവിടെ അവസാനിച്ചത് നസറായനായ യേശുവും അവൻെറ മതവുമല്ലായിരുന്നു. മനുഷ്യൻ പാപത്തിന് പരിഹാരമായി ചെയ്യേണ്ട സകല പ്രവൃത്തികളും അവിടെ അസ്തമിച്ചു. ഒരു പുതിയ ഉദയം അവിടെ ഉണ്ടായി. നീതിയുടെ ഉദയം. നിങ്ങളും ഞാനും ദൈവ മുമ്പാകെ നീതിയുള്ളവരായി–വിശുദ്ധിയുള്ളവരായി നില്ക്കുവാൻ ഇടയാകുന്ന ഒരു പുതിയ വഴി കർത്താവായ യേശുക്രിസ്തു തൻെറ ക്രൂശു മരണത്താൽ സൃഷ്ടിച്ചു.

ദൈവത്തിന് മനുഷ്യനെ രക്ഷിപ്പാൻ കഴിയുന്നത് ഈ സുവിശേഷത്തിൽ കൂടി മാത്രമാണ്. ഈ സുവിശേഷത്തിൽ കൂടി മാത്രമെ നിങ്ങൾക്ക് ദൈവവുമായി സമാധാനം പുനഃസ്ഥാപിക്കുവാൻ കഴിയുകയുള്ളു. സുവിശേഷം എന്ന് പറയുന്നത് അതിനാൽ വളരെ ലളിതമാണ്. ഏതൊരു വ്യക്തി എൻെറ പാപങ്ങൾക്ക് പകരമായി യേശുക്രിസ്തു മരിച്ചു എന്നറിഞ്ഞ് യേശുക്രിസ്തുവിനെ വിശ്വാസത്താൽ ഹൃദയത്തിൽ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയുടെ പാപത്തിനുള്ള ശിക്ഷ മുഴുവനും ക്രിസ്തു ക്രൂശിൽ അനുഭവിച്ചു കഴിഞ്ഞതായി എണ്ണപ്പെടും അതാണ് സുവിശേഷം. അതിത്രമാത്രം ലളിതമായിരിക്കുന്നതിലാണ് പലർക്കും അത് വിഷമകരമായിരിക്കുന്നതും.

സുവിശേഷത്തിൻെറ സ്വരം-സുവിശേഷത്തിൻെറ നാദം–സുവിശേഷത്തിൻെറ ആഹ്വാനം ഏററവും ലളിതമാണ്. നിങ്ങൾ ഇതുവരെയും അത് കണ്ടെത്തിയില്ലെങ്കിൽ ഇന്ന് വിശ്വാസത്താൽ കർത്താവിനെ നോക്കുമെങ്കിൽ ക്രിസ്തുവിൻെറ രക്തം-ക്രിസ്തുവിൻെറ മരണം നിങ്ങൾക്ക് ജീവൻ നൽകുവാൻ പര്യാപ്തമാണ്. കർത്താവായ യേശുവിനെ ക്രൂശിച്ച ആ സമയത്ത് ആറു മണിക്കൂർ നേരത്തെ അതിഭീകരമായ കഷ്ടത താൻ അനുഭവിച്ചു. മാനവരാശി ചെയ്തുകൂട്ടിയ സകല പാപങ്ങൾക്കും ക്രിസ്തു ക്രൂശിൽ എണ്ണിയെണ്ണി കണക്കു പറഞ്ഞു. ആ സമയം അവനോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളന് രക്ഷക്കായി വിശ്വസിക്കുവാൻ കഴിഞ്ഞു. അവൻ പറഞ്ഞു: ‹യേശുവെ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എ

ന്നെ കൂടി ഓർക്കേണമെ.' അവന്റെ പൂർവ്വകാലമൊന്നും ഓർക്കാതെ 'ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും' എന്ന ഉറപ്പാണ് കർത്താവ് കൊടുത്തത്. വിശ്വാസത്താൽ ആ കാഴ്ച കാണുവാൻ നമുക്ക് സാധിക്കും. തന്റെ രണ്ടു കൈകളും ക്രൂശിൽ ബന്ധിക്കപ്പെട്ടിരുന്നാലും രക്ഷക്കായി അവൻ വിശ്വാസത്തിൻ കരമുയർത്തിയപ്പോൾ ആ കരങ്ങളിൽ ദൈവപുത്രൻ പിടിക്കുകയും ആ പാപിയെ പരിദീസയിലേക്ക് ആനയിക്കുകയും ചെയ്തു.

കാലാകാലങ്ങളിലായി എത്രയോപേർ സുവിശേഷത്തിന്റെ ധന്യമായ ആഹ്വാനം കേട്ടുകൊണ്ട് തങ്ങളുടെ വിശ്വാസത്തിൻ നായകനായ ക്രിസ്തുവിനെ സ്പർശിച്ചിട്ടുണ്ട്. അവരൊക്കെയും നിത്യജീവന് ഓഹരിക്കാരായി തീർന്നിരിക്കയാണ്. ഇന്ന് ആരെങ്കിലും പാപത്തിന്റെ അടിമത്തത്തിൽ മുന്നോട്ട് പോകുന്നവരായിട്ടുണ്ടെങ്കിൽ, അതിൽ നിന്നുമൊരു പരിഹാരം വേണമെന്ന് ഹൃദയാംഗമായി ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഇന്ന് രക്ഷനേടുവാൻ സാധിക്കും.

ദൈവത്തിന് നിങ്ങളെക്കുറിച്ച് ഒരാഗ്രഹമുണ്ട്. അതിന്റെ പൂർത്തീകരണം ക്രിസ്തുയേശുവിൽകൂടെ നിവർത്തിച്ചിരിക്കയാണ്. ജീവിതം ശുഭകരമാകുവാൻ പാപങ്ങളെ ഏററുപറഞ്ഞ് ദൈവപുത്രനെ വിശ്വാസത്താൽ സ്വീകരിക്കുമെങ്കിൽ ഇന്ന് നിങ്ങളിൽ ഒരു പുതിയ ജനനം സംഭവിക്കും. ഒരു വീണ്ടും ജനനം നടക്കും. ഇന്നലെവരെയുള്ള-ഈ നിമിഷം വരെയുള്ള സകല അരിഷ്ടതകളും അസ്തമിക്കും. ഇന്ന് സ്വർഗ്ഗീയമായ ജീവൻ നിങ്ങൾക്കനുഭവമാകും. ദൈവം അതിനായി നിങ്ങളെ സഹായിക്കട്ടെ.

ഈ ഭാഗത്തിന്റെ മൂന്നാമത്തെ ചിന്തയിൽ നാം കടക്കുമ്പോൾ കാണുന്നത് "അവ തിന്മക്കല്ല നന്മക്കത്രെയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്." തിന്മക്കല്ല നന്മക്കായുള്ള ഒരാഹ്വാനം. അതായത്:

## -തെററിദ്ധരിക്കപ്പെടുവാൻ പാടില്ലാത്ത സുവിശേഷം-

കാലാകാലങ്ങളിലായി മനുഷ്യൻ സുവിശേഷത്തെ തെററിദ്ധരിച്ചിട്ടുണ്ട്. സുവിശേഷം വളരെയധികം തെററായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തങ്ങൾക്ക് എന്തോ ഉപദ്രവം വരുത്തുന്ന ഒന്നായിട്ടാണ് മനുഷ്യൻ സുവിശേഷത്തെ കാണുന്നത്. നന്മക്കായിട്ടുള്ള ശബ്ദം കേൾക്കുമ്പോൾ പലർക്കും ചില അസ്വസ്തത അനുഭവപ്പെടുന്നത് അതുകൊണ്ടാണ്. ബൈബിളിൽ പുതിയനിയമത്തിൽ ഇതിനൊരു ദൃഷ്ടാന്തം ഉണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഒരു ഭൂതഗ്രസ്തനെ സൗഖ്യമാക്കുവാൻ ചെന്നു. വാസ്തവത്തിൽ അവന്റെ നന്മക്കായിട്ടും അവനെ സൗഖ്യമാക്കുന്നതിനുവേണ്ടിയാണ് ചെന്നത്. എന്നാൽ അവൻ പറഞ്ഞ മറുപടി ''യേശുവേ, ദൈവത്താണ എന്നെ ഉപദ്രവിക്കരുതെ'' എന്നാണ്. ഇന്നും അനേകർ അങ്ങനെയാണ്. സുവിശേഷം വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യത്തിന്റെ-വിമോചനത്തിന്റെ ദൈവശബ്ദം കേൾക്കുമ്പോൾ അത്, തങ്ങളെ ഉപദ്രവിക്കാനാണെന്ന പ്രതികരണമാണ് പലപ്പോഴും ഉണ്ടാകുന്നത്. അതിൽ നിന്നും അങ്ങിനെയുള്ള വ്യക്തികൾ ഇപ്പോഴും സാത്താന്റെ അടിമത്തത്തിൽ തന്നെ ഇരിക്കുന്നു എന്ന് വ്യക്തമാകുന്നു. എന്നാൽ സുവിശേഷം നിങ്ങളുടെ നന്മക്കായിട്ടുള്ളതാണ്. പാപത്തിൽ നിന്നും അതിന്റെ ദാസ്യത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാനുള്ള സുവർണ്ണാവസരം ഇന്ന് ദൈവകൃപയാൽ സംജാതമായിരിക്കുന്നു. ''തിന്മക്കായിട്ടല്ല നന്മക്കായിട്ടത്രെ എന്ന് യഹോവയുടെ അരുളപ്പാട്.'' ദൈവം ആഗ്രഹിക്കുന്നത് നിങ്ങളുടെ നന്മ മാത്രമാണ്.

രണ്ട് കാരണങ്ങളാൽ സുവിശേഷം തെററിദ്ധരിക്കപ്പെട്ടുപോകുവാൻ പാടുള്ളതല്ല. ഒന്ന്, സകല മനുഷ്യരും പാപികൾ ആയിരിക്കുന്നതിനാൽ സുവിശേഷം തെററിദ്ധരിക്കപ്പെടുവാൻ പാടുള്ളതല്ല. ''എല്ലാവരും പാപം ചെയ്ത് ഒരുപോലെ ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു'' എന്നും ''നന്മ ചെയ്യുന്നവനില്ല ഒരുത്തൻ പോലും ഇല്ല'' എന്നും തിരുവചനത്തിൽ നിന്നും വ്യക്തമാണ്. രണ്ടാമതായി, ഏതൊരു പാപി

ക്കും ദൈവകൃപയാൽ-ദൈവത്തിലുള്ള വിശ്വാസത്താൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാം. അതും വചനപ്രകാരം ഉറപ്പായിരിക്കുന്നതിനാൽ സുവിശേഷം തെററിദ്ധരിക്കപ്പെടുവാൻ പാടുള്ളതല്ല.

ന്യായവിധി നാളിൽ ഒരാൾക്കുപോലും 'കർത്താവെ, എന്റെ പാപങ്ങൾ അത്രമാത്രം ഭയങ്കരമായതിനാൽ അങ്ങെക്കെന്നെ രക്ഷിപ്പാൻ കഴിയും എന്ന് ഞാൻ വിചാരിച്ചില്ല' എന്ന് പറയുവാൻ ഇടയാകുകയില്ല. അങ്ങനെ പറയുവാൻ ആർക്കും കഴികയില്ല. അവർക്കെതിരെ സാക്ഷ്യം പറവാൻ പലരും അന്നുണ്ടായിരിക്കും. യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ട അനേക വിശുദ്ധന്മാർ- ജോൺ ബനിയനും, അഗസ്തിനും അവർക്കെതിരായി സാക്ഷ്യം പറയും. തങ്ങളുടെ യൗവ്വന കാലത്ത് എല്ലാവിധ പാപങ്ങളിലും, ദുഷ്കാമവർത്തിയിലും കാലം കഴിച്ചവർ, ജീവിതത്തെ നശിപ്പിച്ചു കളഞ്ഞവർ, എങ്കിലും കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ ശരണപ്പെട്ട് രക്ഷപ്രാപിച്ചപ്പോൾ ഒരു കാലത്തും ആർക്കും 'എന്റെ പാപങ്ങളുടെ ഭീകരത്വം നിമിത്തം അങ്ങെക്കെന്നെ രക്ഷിപ്പാൻ കഴിയും എന്ന് ഞാൻ വിചാരിച്ചില്ല എന്ന് പറയുവാൻ സാധിക്കയില്ല.

യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ രക്ഷ പ്രാപിപ്പാൻ അനേക പാപികൾക്ക് കഴിഞ്ഞു. ഞാൻ ചോദിക്കട്ടെ, നിങ്ങളിൽ ആരെങ്കിലും ന്യായവിധി നാളിൽ കൈവിടപ്പെട്ടുപോയാൽ അനേകർ നിങ്ങൾക്കെതിരെ സാക്ഷ്യം പറയുവാൻ കാണും. ''എന്നെപോലൊരു പാപിയെ യേശുക്രിസ്തുവിന് രക്ഷിപ്പാൻ കഴിയുമായിരുന്നുവെങ്കിൽ എന്തുകൊണ്ട് നീയും വിശ്വസിച്ചില്ല''? എന്ന് അവർ നിങ്ങൾക്കെതിരെ ഒരു നാൾ ചോദിക്കും. ഏതു കഠിന പാപിക്കും ക്രിസ്തുവിന്റെ രക്തം വിമോചനത്തിന് മതിയായതാണ്. ''യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധികരിക്കുന്നു'' എന്ന് ബൈബിൾ പറയുന്നു. ഒരു വ്യക്തിയുടെ പാപങ്ങൾ എത്ര തന്നെ കടും ചുവപ്പായിരുന്നാലും' എത്ര തന്നെ ഭീകരമായിരിന്നാലും, 'ആരാലും രക്ഷപ്പെടുത്തുവാൻ കഴിയാത്ത

ആഴത്തിൽ ഞാൻ ആയിപ്പോയി' എന്ന് വിചാരിച്ചിരുന്നാലും, യേശുക്രിസ്തുവിനെ ഈ നിമിഷം വിശ്വസിക്കുമെങ്കിൽ 'കർത്താവെ, അങ്ങ് എൻെറ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു, അങ്ങ് അനുഭവിച്ച സകല വ്യഥകളും എനിക്കുവേണ്ടിയാണെന്ന് ഞാൻ സമ്മതിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട്, ദൈവമുമ്പാകെ ഹൃദയത്തെ ഒരു നിമിഷം വിനയപ്പെടുത്തിയാൽ... ലോകത്തിലെ അനുഗ്രഹിക്കപ്പെട്ട ദൈവമക്കളുടെ പട്ടികയിൽ നിങ്ങളും ഇന്ന് പ്രവേശിക്കും.

നിങ്ങൾ നിരാശയിൽ കഴിയേണ്ട യാതൊരു കാര്യവുമില്ല. നിങ്ങളുടെ ഹൃദയം എങ്ങനെ ഇരിക്കുന്നു എന്നെനിക്കറിയില്ല, എന്നാൽ ദൈവത്തിന് നിങ്ങളുടെ ഹൃദയവും നന്നായി കാണുവാൻ കഴിയും. പലരും വിവിധങ്ങളായ പ്രശ്നങ്ങളിലും, പ്രയാസങ്ങളിലും, ദുഃഖങ്ങളിലും കഴിയുന്നവരായിട്ടുണ്ട്. ജീവിതത്തിൽ സംഭവിക്കുന്ന തെററിദ്ധാരണകളാൽ ഭാര്യഭർത്താക്കൻമാർ തമ്മിൽ, അപ്പനും മക്കളും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ വിവിധ പ്രയാസങ്ങളിലും, ഹൃദയത്തിൻെറ നെടുവീർപ്പുകളിലും കഴിയുന്നവരായിട്ടുണ്ട്. എന്നാൽ അതൊക്കെയും മരണത്തോടെ അവസാനിക്കും. ഈ അവസ്ഥയിൽ ഒരവിശ്വാസിയായി മുന്നോട്ട് നീങ്ങി, ഇനിയും ദൈവഭാഗത്തേയ്ക്ക് വന്നില്ല എങ്കിൽ നിത്യമായ ന്യായവിധിയിലും അകപ്പെട്ടാൽ അതും കൂടി താങ്ങുവാനുള്ള ത്രാണി നിങ്ങൾക്കുണ്ടാകുകയില്ല. മരണത്തോടുകൂടി മാററപ്പെട്ടാൽ ഭയാനകമായ ഒരവസ്ഥയിലേക്ക് നിങ്ങൾ താണുപോകും. നരകത്തിൻെറ മുകളിൽ തൂക്കപ്പെട്ടതുപോലെയാണ് മനുഷ്യ ജീവിതം. ഒരു നിമിഷം ഈ ജീവൻ ഒന്നു നിലച്ചാൽ മതി, ആ നിത്യ ദണ്ഡനത്തിൽ പതിക്കും. ദൈവമില്ലാത്ത, പ്രത്യാശയില്ലാത്ത, പാപക്ഷമയില്ലാത്ത ഒരു സ്ഥാനത്ത് എത്തിച്ചേരും. സാത്താനും അവൻെറ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യ ദണ്ഡനം നിങ്ങളുടേയും ഓഹരിയാകും. അതു താങ്ങുവാനുള്ള ത്രാണിമനുഷ്യനില്ല എന്നറിഞ്ഞുകൊണ്ടാണ് ദൈവപുത്രൻ നമുക്ക് പകരമായി സകല വ്യഥകളും അനുഭവിച്ച് തീർത്തത്. ആ സ്നേഹത്തെ മറികന്നട് പോകുവാൻ ഇടയാ

കരുത്. യേശുക്രിസ്തുവിൽ പൂർണ്ണമായ രക്ഷയും പൂർണ്ണമായ സമാധാനവും കണ്ടെത്തുവാൻ സാധിക്കും.

അതുകൊണ്ട് ദൈവത്തിന്റെ വാക്കിൽ ഇന്ന് വിശ്വസിക്കുവാൻ കഴിയുമെങ്കിൽ ഇന്ന് നിങ്ങളുടെ മാനസാന്തരത്തിന്റെ ദിവസമായിരിക്കും. ഇന്ന് നിങ്ങളുടെ രക്ഷാദിവസമായി മാറും.

ആഫ്രിക്കയിലെ ഒരു രാജാവ് ഒരു മനുഷ്യനെ വധശിക്ഷക്ക് വിധിച്ചു. ശിക്ഷ നടപ്പാക്കേണ്ട സമയമായി. ആ മനുഷ്യനെ അതിനായി കൊണ്ടുവന്നു. അവൻ മരണഭീതിയാൽ വളരെ വിഷമിക്കുവാൻ തുടങ്ങി. രാജാവ് അവനോട്, 'മരിക്കുന്നതിനു മുമ്പായി നിനക്കെന്തെങ്കിലും പ്രത്യേകാൽ ആഗ്രഹമുണ്ടോ എന്ന് ചോദിച്ചു.' എനിക്ക് ഒരു അല്പം വെള്ളം വേണമെന്ന് അവൻ മറുപടി പറഞ്ഞു. ഒരു പാത്രം വെള്ളം അവിടെ കൊണ്ടുവരപ്പെട്ടു. മരണഭീതി നിമിത്തം ആ മനുഷ്യന് അത് കുടിക്കുവാൻ കഴിഞ്ഞില്ല. അവന്റെ കൈകൾ വിറയ്ക്കുവാൻ തുടങ്ങി. രാജാവ് അവനോട് 'ആ പാത്രത്തിലുള്ള വെള്ളം കുടിക്കുന്നതുവരെ നിന്നെ കൊല്ലുവാനുള്ള വിധി പ്രഖ്യാപിക്കുവാൻ എനിക്ക് കഴിയുന്നതല്ല' എന്ന് പറഞ്ഞു. അത് കേട്ട മാത്രയിൽ ആ മനുഷ്യന്റെ ബുദ്ധി പെട്ടെന്ന് വരികയും അവൻ ആ വെള്ളം നിലത്തേക്ക് ഒഴിച്ച് കളയുകയും ചെയ്തു. രാജാവ് പറഞ്ഞ വാക്ക്, ആ പാത്രത്തിലുള്ള വെള്ളം കുടിക്കുന്നതുവരെ നിന്നെ കൊല്ലുവാനുള്ള വിധി ഉണ്ടാകയില്ല എന്നായിരുന്നു. അതിനാൽ അവൻ ആ വെള്ളം താഴേക്ക് ഒഴിച്ചു കളഞ്ഞു. അത് കൂട്ടിച്ചേർക്കുവാൻ അവിടെ നിന്ന പടയാളികൾക്ക് കഴിഞ്ഞില്ല.

കേവലം ഒരു നാട്ടു രാജാവിന്റെ വായിൽ നിന്നു വീണ വാക്കിൽ ഒരു മനുഷ്യൻ രക്ഷക്കായുള്ള പോംവഴി കണ്ടെത്തിയെങ്കിൽ സ്വർഗ്ഗത്തെയും ഭൂമിയെയും ഈ സകല പ്രപഞ്ചത്തെയും സൃഷ്ടിച്ച ദൈവം ''അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു'' എന്ന വാക്ക് പറഞ്ഞിട്ട് എന്തുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നില്ല? ''തന്റെ ഏകജാത

നായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'', ''യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏററുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും''... ഇതു ദൈവം നല്കുന്ന ഉറപ്പാണ്. എന്തുകൊണ്ട് അത് വിശ്വസിക്കുന്നില്ല? കേവലം ഒരു നാട്ടു രാജാവിന്റെ വാക്കിൽ ഒരു മനുഷ്യൻ രക്ഷക്കായുള്ള പോംവഴി കണ്ടെത്തി, എന്നാൽ... ദൈവം പറഞ്ഞിരിക്കുന്ന വാക്ക് സ്വീകരിക്കുവാനോ, വിശ്വസിക്കുവാനൊ ഹൃദയ കാഠിന്യം നിമിത്തം ഇന്നും അനേകർക്ക് കഴിയുന്നില്ല.

ഇന്ന് നിങ്ങൾ ആ വാക്ക് വിശ്വസിക്കുമൊ?

നിങ്ങളുടെ ആശ്വാസത്തിനായി ഒരു വസ്തുത പറയാം സുവിശേഷത്തിൽ മനസിലാകാത്തതായി പലതും ഉണ്ടെന്ന്. തോന്നിയേക്കാം. മനുഷ്യ ബുദ്ധിക്ക് എത്തിപ്പിടിക്കുവാൻ കഴിയാത്ത അമാനുഷികമായ പല വസ്തുതകളും ഉണ്ടെന്നുവരാം. യേശുക്രിസ്തു അനുഭവിച്ച ശിക്ഷ മുഴുവനും എന്റെ പേർക്കെന്നറിഞ്ഞ് ക്രിസ്തുവിൽ വിശ്വസിച്ചാൽ രക്ഷകിട്ടുമെന്ന് പറയുമ്പോൾ 'ഇത് എന്ത് സുവിശേഷം? എന്ന് തോന്നാം. അത് ഭോഷത്തമായി മനുഷ്യന് തോന്നാം. ബൈബിൾ പറയുന്നതും അങ്ങിനെ തന്നെയാണ്. ''ക്രൂശിന്റെ വചനം നശിച്ച് പോകുന്നവർക്ക് ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കൊ ദൈവശക്തിയുമാകുന്നു.''

നമ്മുടെ ബുദ്ധിക്ക് മനസ്സിലാക്കുവാൻ കഴിയാത്ത പല കാര്യങ്ങളും ഉണ്ട്. എന്നാൽ ഒന്ന് വളരെ വ്യക്തമാണ് ഈ അഖിലാണ്ഡത്തിന്റെ സൃഷ്ടാവും, ഉടമസ്ഥനുമായ ദൈവത്തിൽ 'ഇന്ന്' വിശ്വസിക്കുക. ആ വിശ്വാസത്താൽ മനഃസമാധാനമുള്ളവനായി, ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടവനായി കടന്നുപോകുക.

ഏറെ വൈകാതെ തന്നെ മനുഷ്യന് ഈ സ്വപ്ന ലോക ത്തോട് വിട പറയേണ്ടിവരും. ദൈവത്തിന്റെ ദിവസത്തിലേ ക്ക് കാലം സമീപിച്ചുകൊണ്ടിരിക്കുന്നു. 'ജ്ഞാനികളുടെ ജ്ഞാനം നശിക്കും, ബുദ്ധിമാന്മാരുടെ ബുദ്ധിയും മറഞ്ഞു പോകും, തപ്പിന്റെയും കിന്നരത്തിന്റെയും ആനന്ദവും, ഉല്ല സിക്കുന്നവരുടെ ഘോഷവും സന്തോഷധ്വനിയും നീങ്ങിപ്പോ കും. മനുഷ്യനുവേണ്ടി എല്ലാ കഷ്ടതകളും ക്രൂശിൽ ശാന്തമാ യി അനുഭവിക്കുകയും തന്റെ രക്തവും ജീവനും നല്കി പാപത്തിനു പരിഹാരം വരുത്തിയതിനുശേഷം ഉയിർത്തെഴു ന്നേററ് ഉയരത്തിൽ കരേറിപ്പോയ ദൈവപുത്രനായ ക്രിസ് തു സകല സ്വർഗ്ഗീയ പ്രതാപത്തോടും മഹത്വത്തോടുംകൂടെ രാജാധി രാജാവായി വെളിപ്പെടുകയും ഈ ഭൂമി മേൽ തന്റെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യും. താൻ ന്യായം വിധി ക്കുന്ന നാളിൽ "യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേ യും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെ യും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏററുപറ യുകയും ചെയ്യേണ്ടി വരും.''

ഇന്ന് നിങ്ങൾ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചില്ല എങ്കിൽ, അതുകൊണ്ട് ഒരു പോംവഴിയും ഉ ണ്ടാകുവാൻ പോകുന്നില്ല. ഒരു ദിവസം തന്റെ കർത്തൃത്വ ത്തെ നിങ്ങൾ അംഗീകരിച്ചേ മതിയാകുകയുള്ളു. എന്നാൽ ഇന്നത്തെ വിശ്വാസം രക്ഷക്ക് കാരണമായി ഭവിക്കും. വൈ കിപോകാവുന്ന അന്നത്തെ ഏററുപറച്ചിൽ ശിക്ഷക്ക് മുന്നോ ടിയായി മാത്രമെ തീരുകയുള്ളു.

അതിനാൽ നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവിവരുവാൻ തക്കവണ്ണം നിങ്ങളുടെ നന്മക്കായി വന്ന യേശുക്രിസ്തുവിൽ രക്ഷക്കായി വിശ്വസിക്കുക.

'ദൈവമെ ഞാനൊരുപാപിയാണ്. എന്റെ പാപങ്ങൾ നിമിത്തം യേശുക്രിസ്തു മരിച്ചു എന്ന് ഞാൻ അറിയുന്നു.

യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു' എന്ന് തീരുമാനിക്കുവാൻ-പറയുവാൻ ദൈവം നിങ്ങളുടെ ഹൃദയത്തെ തുറക്കട്ടെ!

❋❋❋